# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.4/491/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 14/06/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേകള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം (എയിംസിൽ)
2)അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) (ഇമെയിൽ വഴി)
3)കാര്യാലയ പ്രതി

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.4/491/22 തീയ്യതി: 14/06/2022

# കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-01-2020 മുതൽ 05-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 20-01-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വിനോദ്.കെ.കെ. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 07-03-2022 | 25-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-03-2022 | 25-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ.മനോജ് കുമാർ.ടി.ജോർജ്ജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
2. ശ്രീ.ഗണേശൻ കേളോത്ത്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. ശ്രീമതി.വനജ മാടത്താൻകണ്ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.വസന്തകുമാരി ടി | പ്രസിഡന്റ് | 01-04-2020 | 17-11-2020 |
| ശ്രീ.റോബർട്ട് ജോർജ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി. മീരാഭായ് പി.പി. | സെക്രട്ടറി | 01-04-2020 | 21-04-2020 |
| ശ്രീ. അബു ആർ | സെക്രട്ടറി | 22-04-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബാബു കൊയിലേരിയൻ | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ. പി.വി. അനിൽകുമാർ | അസ്സിസ്റ്റന്റ് എഞ്ചിനീയർ, | 01-04-2020 | 31-03-2021 |
| ശ്രീ.കെ.കുര്യൻ അബ്രഹാം | അസിസ്റ്റന്റ് ഡയറക്ടർ, കൃഷി | 01-04-2020 | 31-03-2021 |
| ശ്രീമതി. ടിങ്കിൾ മാത്യൂ | ഡയറി ഡവലപ്മെന്റ് ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. മുജീബ് റഹ്മാൻ | സീനിയർ വെറ്ററിനറി സർജൻ | 01-04-2020 | 06-07-2020 |
| ശ്രീ. അനിൽ കുമാർ | സീനിയർ വെറ്ററിനറി സർജൻ | 07-07-2020 | 10-09-2020 |
| ശ്രീ. മനു ശേഖർ | സീനിയർ വെറ്ററിനറി സർജൻ | 11-09-2020 | 31-03-2021 |
| ശ്രീ.കെ.വി. വിജയൻ | പട്ടിക ജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ..ജിനു ജോൺ | വ്യവസായ വികസന ഓഫീസർ | 01-04-2020 | 15-01-2021 |
| ശ്രീ. നിധീഷ് ആർ | വ്യവസായ വികസന ഓഫീസർ | 16-01-2021 | 31-03-2021 |
| ശ്രീമതി സുശീല എസ് | സി.ഡി.പി.ഒ. ഇരിക്കൂർ | 01-04-2020 | 31-03-2021 |
| ശ്രീമതി. നന്ദിനി കെ | സി.ഡി.പി.ഒ. ഇരിക്കൂർ അഡീഷണൽ | 01-04-2020 | 31-03-2021 |
| ഡോ.കാർത്ത്യായനി പി.കെ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. | 01-04-2020 | 31-03-2021 |

18.11.2020 മുതൽ 29.12.2020 വരെ ഭരണ നിർവ്വഹണ കമ്മിറ്റി 1. ശ്രീ.അബു.ആർ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 2. ശ്രീ.ബാബുരാജ്.കെ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ 3. കെ.കുര്യൻ അബ്രഹാം, അസിസ്റ്റന്റ് ഡയറക്ടർ, (കൃഷി).

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Manoj Kumar.T.George (Asst. Audit Officer, On 24-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 14-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Ganesan Keloth (Asst. Audit Officer, On 09-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 08-06-2022) | 1-2 |
| 3 | വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ട അപാകതകൾ<br>Written By: Ganesan Keloth (Asst. Audit Officer, On 29-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 09-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Ganesan Keloth (Asst. Audit Officer, On 09-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 03-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Ganesan Keloth (Asst. Audit Officer, On 09-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 08-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Manoj Kumar.T.George (Asst. Audit Officer, On 27-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 08-06-2022) | 1-5 |
| 7 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Vanaja Madathankandi (Senior Grade Auditor, On 25-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 03-06-2022) | 1-6 |
| 8 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Manoj Kumar.T.George (Asst. Audit Officer, On 27-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 03-06-2022) | 1-7 |
| 9 | 2020-21 വർഷം പെരുവളത്തുപറമ്പ് മിനി വ്യവസായ എസ്റ്റേറ്റ് കെട്ടിടങ്ങളുടെ വാടക ഈടാക്കിയതിലെ അപാകങ്ങൾ.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 09-06-2022) | 1-8 |
| 10 | മയ്യിൽ സി എച്ച് സി യിൽ ജനറേറ്റർ വാങ്ങൽ-ജി എസ് ടി കോമ്പൻസേഷൻ 12% നൽകിയതിന്റെ അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 29-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 09-06-2022) | 1-9 |
| 11 | ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടാത്ത സ്ഥാപനത്തിൽ പ്രോജക്ട് നിർവ്വഹണം - ₹ 22079യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 31-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 14-06-2022) | 1-10 |
| 12 | ഓൺലൈൻ റികിസിഷന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 31-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 14-06-2022) | 1-11 |
| 13 | വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 31-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 14-06-2022) | 1-12 |
| 14 | പത്താം തരം, പ്ലസ് വൺ തുല്യത കോഴ്സ്- രശീത് ഹാജരാക്കിയില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 14-06-2022) | 1-13 |

| | | |
|---|---|---|
| 15 | സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്കുകൾ - ഗ്രാമ പഞ്ചായത്തുകൾക്കും മറ്റ് സ്ഥാപനങ്ങൾക്കും വിഹിതം നൽകൽ - കൈപ്പറ്റ് രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 14-06-2022) | 1-14 |
| 16 | 2020-21 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്കുകൾ - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 14-06-2022) | 1-15 |
| 17 | സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കൽ-പ്രൊജക്കുകൾ പൂർത്തീകരിച്ചതിന് ശേഷം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.<br>Written By: Ganesan Keloth (Asst. Audit Officer, On 29-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 14-06-2022) | 1-16 |
| 18 | ₹ 25439-യുടെ മരുന്നുകൾ ലഭിച്ചില്ല<br>Written By: Manoj Kumar.T.George (Asst. Audit Officer, On 27-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 14-06-2022) | 1-17 |
| 19 | വാഹന ഉപയോഗം- അപാകതകൾ<br>Written By: Manoj Kumar.T.George (Asst. Audit Officer, On 27-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 14-06-2022) | 1-18 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Pramodan Anchantavida (Computer Assistant, On 03-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 14-06-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Ganesan Keloth (Asst. Audit Officer, On 03-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-06-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ<br>Written By: Manoj Kumar.T.George (Asst. Audit Officer, On 03-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 14-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Manoj Kumar.T.George (Asst. Audit Officer, On 03-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 14-06-2022) | 4-4 |
| 5 | വായ്പ,വായ്പ തിരിച്ചടവ്<br>Written By: Ganesan Keloth (Asst. Audit Officer, On 05-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 14-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ചുള്ള വിവരം<br>Written By: Manoj Kumar.T.George (Asst. Audit Officer, On 27-03-2022)<br>Last Updated By: Manoj Kumar.T.George (Asst. Audit Officer, On 27-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Manoj Kumar.T.George (Asst. Audit Officer, On 27-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 14-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Manoj Kumar.T.George (Asst. Audit Officer, On 19-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-04-2022) | 4-8 |

| | | |
|---|---|---|
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകൾ സംബന്ധിച്ചുള്ള വിവരം<br>Written By: Manoj Kumar.T.George (Asst. Audit Officer, On 27-03-2022)<br>Last Updated By: Manoj Kumar.T.George (Asst. Audit Officer, On 27-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Manoj Kumar.T.George (Asst. Audit Officer, On 04-04-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 14-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Manoj Kumar.T.George (Asst. Audit Officer, On 12-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 14-06-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT & PAYMENT STATEMENT | |
| 4 | INCOME & EXPENDITURE STATEMENT | |
| 5 | BALANCE SHEET | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| വർഷം | 2020-21 | |
|---|---|---|
| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
| തീരുമാനം നമ്പർ/തീയ്യതി | 1/1<br>തീയ്യതി -11-03-2020 | 1/1<br>തീയ്യതി-28-10-20 |
| മുന്നിരിപ്പ് | 26400498 | 26400498 |
| വരവ് | 227180000 | 250035661 |
| ആകെ | 253580498 | 276436159 |
| ചെലവ് | 226776450 | 249632111 |
| നീക്കിയിരിപ്പ് | 26804048 | 26804048 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 17.06.2021 | തിരിച്ചയച്ചിട്ടില്ല |

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.05.2021 തീയതിയിലെ 4/1 നമ്പർ തീരുമാന പ്രകാരമാണ് വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചത്.

### 1-2-1 വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ട അപാകതകൾ

1) വിവിധ ഫണ്ടുകളിലെ വിവരങ്ങൾ വാർഷിക ധനകാര്യപത്രികയും സുലേഖ ചെലവ് പത്രിക എന്നിവയുമായി എ.സി.ആർ. പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ഫണ്ടിനം | വാർഷിക ധനകാര്യപത്രിക I -6 പ്രകാരം | വാർഷിക ധനകാര്യപത്രിക RP-7 പ്രകാരം | എ സി ആർ പ്രകാരം | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|---|---|---|
| 1 | വികസനഫണ്ട് ജനറൽ | 31879963 | 43113748 | 43113748 | 40618613 |
| 2 | വികസന ഫണ്ട് ടി എസ് പി | 3548136 | 3548136 | 3548136 | 3698248 |
| 3 | വികസന ഫണ്ട് എസ് സി പി | 3698248 | 3698248 | 3698248 | 3548136 |
| 4 | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 4909997 | 7772583 | 7772583 | 7544681 |

2) വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ നീക്കിയിരിപ്പിന്റെ കൃത്യത, രേഖകളുടെ അഭാവത്തിൽ പരിശോധിക്കാൻ കഴിഞ്ഞില്ല.

3) വായ്പ രജിസ്റ്റർ പ്രകാരം മലപ്പട്ടം സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിൽ നിന്നും എടുത്ത വായ്പ ഇനത്തിൽ 1206 രൂപ തിരിച്ചടക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പരിശോധനക്ക് ലഭ്യമാക്കിയ വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂളിൽ തുക രേഖപ്പെടുത്തിയിട്ടില്ല. ആയതിന് കാരണം വ്യക്തമാക്കിയിട്ടില്ല.

4) വാർഷിക കണക്കിലെ ബാലൻസ്ഷീറ്റ് B-7 പ്രകാരം 960072/- രൂപ ഡെപ്പോസിറ്റായിട്ടുണ്ട്. ആയതിന്റെ വാർഷിക സംക്ഷിപ്തം തയ്യാറാക്കി, സാക്ഷ്യപ്പെടുത്തിയ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

5) ആസ്തി സംബന്ധിച്ച് മുന്നിരിപ്പ്, തൻവർഷം ആർജിച്ചത്, നീക്കിയിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ഇനം | മുന്നിരിപ്പ് (B-11, 2019-20) | തൻവർഷം ആർജിച്ചത് (RP-38, 2020-21) | ആകെ | നീക്കിയിരിപ്പ് (B-11, 2019-20) | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | Building Others | 20868137 | 2672503 | 23540640 | 29483423 | 5942783 |
| 2 | Office Equipments | 1982153 | 361041 | 2343194 | 3120362 | 777168 |

വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

6) വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് B-18 പ്രകാരം 1183671/- രൂപ മുൻകൂർ നൽകിയിട്ടുണ്ട്. അഡ്വാൻസ് രജിസ്റ്റർ ലഭ്യമല്ലാത്തതിനാൽ മേൽ തുകയുടെ കൃത്യത പരിശോധിക്കാനായില്ല.

7) കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഇതു സംബന്ധിച്ച വാർഷിക കണക്കിലെ തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

8) ഇ ടെണ്ടർ ഫീ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല.

9) വാടക ഇനത്തിലെ സാക്ഷ്യപ്പെടുത്തിയ ഡി സി ബി വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

10) പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ സംബന്ധിച്ച കുറിപ്പ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

11) മാർച്ച് മാസത്തെ ചെലവിനങ്ങൾ പ്രൊവിഷൻ ബി-9ൽ ഉൾപ്പെടുത്തിയിട്ടില്ല.

12) ഐ.ഡബ്ല്യൂ.എം.പി. മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 19619973 |
| വരവ് | 106745150 |
| ആകെ | 126365123 |
| ചെലവ് | 109505770 |
| നീക്കിയിരിപ്പ് | 16859353 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം -ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 2231450 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 44558856 | 44558856 | 43113748 | 1445108 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 3745000 | 3745000 | 3698248 | 46752 |
| വികസന ഫണ്ട്- ടി എസ് പി | 0 | 4630000 | 4630000 | 3548136 | 1081864 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 7772583 | 7772583 | 7772583 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് | 0 | 8370000 | 8370000 | 5328157 | 3041843 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് | 0 | 44558856 | 44558856 | 3615687 | 40943169 |

| | | | | | |
|---|---|---|---|---|---|
| ടി എസ് സി | 158 | 1840 | 1998 | 600 | 1398 |
| ഐ ഡബ്ല്യ എം പി | 2210755 | 27516013 | 29726768 | 16148842 | 13577926 |
| സംയുക്ത വിഹിതം (ഗ്രാമപഞ്ചായത്ത്-റവന്യൂ) | 9146958 | 160000 | 9306958 | 528000 | 8778958 |
| സംയുക്ത വിഹിതം (ജില്ലാ പഞ്ചായത്ത്) | 7200000 | 0 | 7200000 | 0 | 7200000 |
| പ്രത്യേക ഗ്രാന്റ് -കേന്ദ്ര ഗവൺമെന്റ് | 50000 | 50000 | 50000 | 50000 | 0 |

സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന ധനസഹായങ്ങൾ മാനദണ്ഡങ്ങൾക്കനുസരിച്ച് യഥാസമയം വിനിയോഗിക്കാനും അവശേഷിക്കുന്ന തുക തിരിച്ചടക്കാനും ശ്രദ്ധിക്കേണ്ടതാണ്. ഗ്രാന്റ് വിനിയോഗ പത്രിക ഹാജരാക്കിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

29-01-2018ലെ സ.ഉ.(കൈ)നമ്പർ 11/2018/ത.സ്വ.ഭ.വ. നമ്പറായുള്ള പദ്ധതി മാർഗ രേഖയിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിലെ പദ്ധതി പ്രവർത്തനങ്ങളുടെ രൂപീകരണം, നിർവഹണം എന്നിവ സംബന്ധിച്ചുള്ള സംക്ഷിപ്ത അവലോകനം താഴെ ചേർക്കുന്നു.

ബ്ലോക്ക് ഗ്രാമസഭ

പതിമൂന്നാം പദ്ധതി മാർഗ രേഖയിൽ നിർദ്ദേശിച്ചതു പ്രകാരം 2020-21 വർഷത്തേക്കുള്ള പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ബ്ലോക്ക് ഗ്രാമസഭാ യോഗം 14-01-2020 നാണ് ചേർന്നത്. 64 പേർ യോഗത്തിൽ പങ്കെടുത്തു. യോഗത്തിലെ ചർച്ചയുടെ വിശദാംശങ്ങൾ മിനിട്സിൽ ഉൾപ്പെടുത്തിയിട്ടില്ല.

വികസന സെമിനാർ

2020-21 വർഷത്തെ പദ്ധതി രൂപീകരണത്തിനു വേണ്ടിയുള്ള ബ്ലോക്ക് വികസന സെമിനാർ 13-02-2020ന് നടന്നു. 82 പേർ പങ്കെടുത്തു. ചർച്ചയുടെ വിശദാംശങ്ങൾ മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

അന്തിമ പദ്ധതിരേഖ

10 അദ്ധ്യായങ്ങളുള്ള പദ്ധതി മാർഗ്ഗരേഖ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അദ്ധ്യായം 9 അപൂർണ്ണമാണ്. പദ്ധതി മാർഗ്ഗരേഖ തയ്യാറാക്കുന്നതിൽ തുടർവർഷങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകൾ

വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പദ്ധതി രൂപീകരണം സംബന്ധിച്ച് ചർച്ചകൾ നടക്കുന്നുണ്ടെങ്കിലും പദ്ധതിയുടെ ലക്ഷ്യ പ്രാപ്തി സംബന്ധിച്ചുള്ള ചർച്ചകൾ നടന്നതായി മിനിട്സുകളിൽ കാണുന്നില്ല.

അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം 2020-21

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിത് (എണ്ണം) | ഭാഗികമായി നടപ്പാക്കിത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 2020-21 | 166 | 137 | 32 | 29 | 82.53 |

പദ്ധതി നിർവഹണം നിർവഹണ ഉദ്യോഗസ്ഥൻമാരുടെ അടിസ്ഥാനത്തിൽ

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 38 | 30 | 29072810 | 16665758 | 80.05 |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ | 2 | 2 | 445752 | 320738 | 71.65 |

| | | | | | | |
|---|---|---|---|---|---|---|
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 92 | 75 | 61908972 | 37967219 | 74.06 |
| 4 | അസിസ്റ്റന്റ് ഡയറക്ടർ കൃഷി | 4 | 4 | 5380453 | 2174450 | 97.68 |
| 5 | ഡയറി ഡവലപ്മെന്റ് ഓഫീസർ | 6 | 4 | 10489640 | 2539554 | 92.69 |
| 6 | പട്ടിക ജാതി വികസന ഓഫീസർ | 6 | 6 | 2664813 | 2111889 | 79.25 |
| 7 | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 80000 | 50722 | 63.40 |
| 8 | സി.ഡി.പി.ഒ ഇരിക്കൂർ | 6 | 5 | 6175326 | 1182221 | 19 |
| 9 | സി.ഡി.പി.ഒ, ഇരിക്കൂർ അഡീഷണൽ | 5 | 4 | 2784383 | 680803 | 24 |
| 10 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 6 | 6 | 3970627 | 3112418 | 78.38 |
| | ആകെ | 166 | 137 | 122972776 | 66805772 | 77.34 |

പദ്ധതികളുടെ നിർവഹണം മേഖലാടിസ്ഥാനത്തിൽ

(I) (പൊതു വിഭാഗം)

| ക്രമ നമ്പർ | മേഖല | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | ഉത്പാദനം | 34 | 26 | 27952043 | 11224159 | 40.15 |
| 2 | സേവനം | 72 | 60 | 54863386 | 30220862 | 55.08 |
| 3 | പശ്ചാത്തലം | 41 | 38 | 20240103 | 18019554 | 89.02 |
| 4 | ആകെ | 147 | 124 | 103055532 | 59464575 | 57.70 |

(Ii) പട്ടിക ജാതി വിഭാഗം

| ക്രമ നമ്പർ | മേഖല | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | ഉത്പാദനം | - | - | - | - | - |
| 2 | സേവനം | 7 | 6 | 30844473 | 2601864 | 84.35 |
| 3 | പശ്ചാത്തലം | 2 | 2 | 694813 | 691197 | 99.47 |
| 4 | ആകെ | 9 | 8 | 3779286 | 3293061 | 87.13 |

(Iii)പട്ടിക വർഗ വിഭാഗം

| ക്രമ നമ്പർ | മേഖല | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | ഉത്പാദനം | - | - | - | - | - |
| 2 | സേവനം | 6 | 4 | 5083664 | 2081153 | 40.94 |
| 3 | പശ്ചാത്തലം | 4 | 3 | 11054294 | 1966983 | 17.79 |
| 4 | ആകെ | 10 | 7 | 16137958 | 4048136 | 25.08 |

പാതി വഴിയിൽ ഉപേക്ഷിച്ച പദ്ധതികളുടെ വിവരം

ഇല്ല

വർക്കിംഗ് ഗ്രൂപ്പുകൾ

വർക്കിംഗ് ഗ്രൂപ്പുകളിൽ പദ്ധതി രൂപീകരണം സംബന്ധിച്ച് ചർച്ചകൾ നടക്കുന്നുണ്ടെങ്കിലും പദ്ധതികളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ പൂർത്തീകരിച്ചത് സംബന്ധിച്ചുള്ള ചർച്ചകൾ നടന്നതായി കാണുന്നില്ല.

ഉത്പാദന മേഖലയിൽ നാല്പതു ശതമാനം മാത്രമേ പഞ്ചായത്തിന് പദ്ധതി ലക്ഷ്യം പൂർത്തീകരിക്കാൻ സാധിച്ചിട്ടുള്ളൂ. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മാർഗരേഖ ഖണ്ഡിക 3.1.2. (13)ൽ നിർദ്ദേശിച്ചതു പ്രകാരം പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യുന്ന സംവിധാനം കൂടിയായി വർക്കിംഗ് ഗ്രൂപ്പുകൾ മാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08-03-2022ന് ഉച്ചയ്ക്ക് ശേഷം 3.00 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണ സംവിധാനം

പ്രതിമാസ കാര്യാലയ യോഗങ്ങൾ ചേർന്ന് പ്രവർത്തന പുരോഗതി വിലയിരുത്താറുണ്ട്. ജോലി വിഭജന രേഖ ഉൾക്കൊള്ളുന്ന ഓഫീസ് ഓർഡർ ബുക്ക് സൂക്ഷിച്ചിട്ടുണ്ടെങ്കിലും 3-11-2006ലെ 45776/പി.എ.3/06/ത.സ്വ.ഭ.വ. നമ്പർ സർക്കാർ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച എച്ച്-1/13880/06 തിയതി 18-01-2007 നമ്പർ സർക്കുലറിലെ നിർദ്ദേശ പ്രകാരം ഓരോ ജീവനക്കാരനും ഉത്തരവാദിത്തങ്ങളിൽ കൃത്യവിലോപമോ വീഴ്ചയോ വരുത്തിയാലുള്ള ഭവിഷ്യത്തുകൾ, ബാധ്യതകൾ എന്തൊക്കെയാണെന്നതു സംബന്ധിച്ചുള്ള വിവരങ്ങൾ സംബന്ധിച്ച് ഓഫീസ് ഉത്തരവുകളിൽ പരാമർശിക്കുന്നതായി കാണുന്നില്ല.

## 1-8 2020-21 വർഷം പെരുവളത്തുപറമ്പ് മിനി വ്യവസായ എസ്റ്റേറ്റ് കെട്ടിടങ്ങളുടെ വാടക ഈടാക്കിയതിലെ അപാകങ്ങൾ.

2020-21 പെരുവളത്തുപറമ്പ് മിനി വ്യവസായ എസ്റ്റേറ്റ് കെട്ടിടങ്ങളുടെ വാടക ഈടാക്കിയതുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ ചേർത്ത വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | റൂം നമ്പർ, വാടകക്കാരന്റെ പേര് | റൂം വാടക | കുടിശ്ശിക |
|---|---|---|---|
| 1 | ഓഫീസ് കാന്റീൻ | 5/19 വരെ 400<br>6/19 മുതൽ 420 | 4/20 മുതൽ |
| 2 | മയ്യിൽ റൈസ് പ്രൊഡ്യൂസേർസ് ഏജൻസി | 2100 | 2/21, 3/21 |
| 3 | IP 1 269 ജമാൽ പൂവല്ലോരകത്ത് | 5/19 വരെ 1700<br>6/19 മുതൽ 1785 | 2/20, 3/20 |
| 4 | ജെ ജെ ഹെർബൽസ് | 5/19 വരെ 4325<br>6/19 മുതൽ 4541 | ലഭ്യമല്ല |
| 5 | S ബിൽഡ് ഓൺ, ഇ കെ സുധീർ | 7750 | 9/19 മുതൽ ഇല്ല |
| 6 | അഗ്രോ സർവ്വീസ് | 1225 | 16-03-20 ന് ₹4339 ഒടുക്കിയിട്ടുണ്ടെങ്കിലും |

| | | | |
|---|---|---|---|
| | സൊസൈറ്റി | | ഏത് മാസങ്ങളിലേതാണെന്ന് വ്യക്തമല്ല |
| 7 | വ്യോമ ആയില്യത്ത് | - | - |
| 8 | മുഖദ്ദസ്സ് | | 9/20 മുതൽ ഒടുക്കിയിട്ടില്ല |
| 9 | സുനീഷ് സി പി | 269/A | 03/21/22 |

പെരുവളത്തുപറമ്പ് മിനി വ്യവസായ എസ്റ്റേറ്റ് കെട്ടിടങ്ങളുടെ വാടക ഈടാക്കിയതുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. പെരുവളത്തുപറമ്പ് മിനി വ്യവസായ എസ്റ്റേറ്റിൽ ആകെ എത്ര കെട്ടിടങ്ങൾ ഉണ്ടെന്നും ഇതിൽ എത്ര എണ്ണം വാടകയ്ക്ക് കൊടുത്തിട്ടുണ്ടെന്നും ലഭ്യമാക്കിയ രേഖകളിൽ നിന്നും വ്യക്തമല്ല (കെട്ടിട നമ്പരും ഓരോ കെട്ടിടത്തിലെ വാടകക്കാരന്റെ വിവരങ്ങളും രജിസ്റ്ററിൽ കൃത്യമായി ചേർത്തിട്ടില്ല)

2. 2019-20 വർഷം വാടകക്ക് കൊടുത്ത കെട്ടിടങ്ങളുടെയും അവയുടെ കൈവശക്കാരുടെയും നാളിതുവരെ ഒടുക്കിയ വാടകയുടെയും കുടിശ്ശികയുടെയും വിവരങ്ങൾ രജിസ്റ്ററിൽ കൃത്യമായി ചേർത്തിട്ടില്ല.

3. ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 03-05-2019 ലെ 9/3 നമ്പർ തീരുമാനപ്രകാരം പെരുവളത്തുപറമ്പ് മിനി വ്യവസായ എസ്റ്റേറ്റിൽ വാടകയ്ക്ക് നൽകിയിരിക്കുന്ന മുറികളിൽ 3 വർഷം പൂർത്തിയാക്കിയ എല്ലാ വാടകക്കാരു ടെയും പ്രതിമാസ വാടക 2019 ജൂൺ മാസം മുതൽ നിലവിലെ വാടകയുടെ 5% വർദ്ധിപ്പിക്കാനും ആയതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്താനും തീരുമാനിച്ചിരുന്നു. ഇതു പ്രകാരം 3 വർഷം പൂർത്തിയാക്കിയ എല്ലാ വാടകക്കാരുടെയും പ്രതിമാസ വാടക 2019 ജൂൺ മാസം മുതൽ നിലവിലെ വാടകയുടെ 5% വർദ്ധിപ്പിച്ചിരുന്നോ എന്ന് വ്യക്തമല്ല. 3 വർഷം പൂർത്തിയാക്കിയ മുഴുവൻ പേരിൽ നിന്നും വർദ്ധിപ്പിച്ച നിരക്കിൽ വാടക ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4. വാടക രജിസ്റ്ററിൽ 2020-21 വർഷത്തെ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാടകയിനത്തിലെ വരവും കുടിശ്ശികയും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5. വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ബൈലായിലെ 19-ാം നമ്പർ വ്യവസ്ഥ പ്രകാരം മുറി അനുവദിക്കപ്പെട്ട ആൾ പ്രതിമാസ വാടക അതാതുമാസം 5-ാംതീയതിക്കകം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ഒടുക്കുന്നതിനും വീഴ്ച വരുത്തിയാൽ പണം അടക്കുന്ന തീയതി വരെയുള്ള കാലത്തേക്ക് 18% പിഴ ഈടാക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം വീഴ്ച വരുത്തുന്നവരിൽ നിന്നും പിഴ ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

6. വ്യോമ ആയില്യത്ത് എന്നവരിൽ നിന്നും ₹7500 നിരക്കിൽ 10/20 മുതൽ 3/21 വരെയുള്ള വാടക ഈടാക്കി യതായി രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. ഏത് റൂമുകളാണ് വാടകയ്ക്ക് നൽകിയതെന്ന് വ്യക്തമല്ല. വാടക ഒടുക്കിയ തീയതി രേഖപ്പെടുത്തിയിട്ടില്ല.

7. 10-06-20 ന് സെക്രട്ടറി കെ ജെ ചെറിയാന് (ജെ ജെ ഹെർബൽസ്- റൂം നമ്പർ IP VIII/64 F) അയച്ച അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട D1140/12 നമ്പർ കത്തിൽ (ചെറിയാന്റെ 22-03-18ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഡ്രയർ മെഷീൻ സ്ഥാപിക്കുന്നതിന് റൂമിന്റെ കിഴക്ക് ഭാഗം ചുമരിൽ 3x2 അടി അളവിൽ ദ്വാരമുണ്ടാക്കുന്നതിനും 10x6 അടി വലുപ്പത്തിൽ താത്കാലിക ഷെഡ് നിർമ്മിക്കുന്നതിനും 30-04-18ലെ 10/2 നമ്പർ ഭരണസമിതി തീരുമാന പ്രകാരം അനുമതി നൽകിയിരുന്നു. ഇതിനു വിരുദ്ധമായി ടിയാൻ തറ നിർമ്മിച്ച് ശാശ്വതമായി മതിലിലേക്ക് ചുമർ നിർമ്മിക്കുകയും മഴവെള്ളം കോമ്പൗണ്ടിന് പുറത്തേക്ക് ഒഴുക്കിവിടുന്ന രൂപത്തിൽ മേൽക്കൂര നിർമ്മാണം നടത്തുകയും ചെയ്തിട്ടുണ്ടെന്ന് 09-06-20 ലെ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. മഴവെള്ളം ഒഴുകിപ്പോകുന്നതിന് തടസ്സമായ രീതിയിൽ നിർമ്മിച്ച തറ ഭാഗം ഉടൻ പൊളിച്ചു മാറ്റുന്നതിനും കെട്ടിടവും മതിലും ബന്ധിപ്പിക്കുന്ന ഭാഗം പൊളിച്ചു മാറ്റി ബ്ലോക്ക് പഞ്ചായത്ത് അനുമതി നൽകിയത് പോലെ മാറ്റം വരുത്തി കോമ്പൗണ്ടിൽ തടസ്സമില്ലാതെ അഗ്നിസുരക്ഷാ വിഭാഗത്തിന് കടന്നുപോകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനും സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന് സ്വീകരിച്ച തുടർനടപടികൾ അറിയിക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/25-03-22) മറുപടി ലഭ്യമാക്കിയിട്ടില്ല. 2020-21ലെ വാടകക്കരാർ പുതുക്കാൻ 18-06-20ന് കെ ജെ ചെറിയാൻ സമർപ്പിച്ച അപേക്ഷയിൽ അനധികൃത നിർമ്മാണം നടത്തിയ സാഹചര്യത്തിൽ ആ ഭാഗം പൊളിച്ചു മാറ്റാതെ കരാർ പുതുക്കി നൽകാൻ തീരുമാനം എടുക്കുന്നതല്ല എന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട് (25-06-20 ലെ D.1140/12 നമ്പർ കത്ത്). എന്നാൽ 16-06-20 മുതൽ 31-03-21 വരെ റൂം ഉപയോഗിക്കാൻ 16-06-20 ന് കരാർ പുതുക്കിയതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. കരാർ വ്യവസ്ഥകൾ ലംഘിച്ച് അനധികൃത നിർമ്മാണം നടത്തിയ വാടകക്കാരന് കരാർ പുതുക്കിക്കൊടുക്കാനുണ്ടായ സാഹചര്യം വിശദീകരിക്കപ്പെട്ടിട്ടില്ല.

8. മുഖദ്ദസ്സ് എന്ന വ്യക്തി പെരുവളത്തുപറമ്പ് മിനി വ്യവസായ എസ്റ്റേറ്റിലെ 3 മുറികൾ ലഭിക്കുന്നതിന് 10-06-20 ൽ അപേക്ഷിക്കുകയും 11-06-20 ലെ 6/9 നമ്പർ പഞ്ചായത്ത് തീരുമാന പ്രകാരം സെക്രട്ടറി മുറികൾ അനുവദിക്കുകയും ചെയ്തു (8-07-20 ലെ ഡി 417/20 നമ്പർ കത്ത്). സെക്രട്ടറിയുമായി ഉണ്ടാക്കിയ എഗ്രിമെന്റ് - 3/20-21, 09-07-20

പ്രകാരം റൂം നമ്പർ 1/269/M ഉം 3/20-21(1), 25-08 -20 പ്രകാരം റൂം നമ്പർ 1/269/J,K,L എന്നിവയും ടിയാന് അനുവദിച്ചിട്ടുണ്ട്. 3 റൂമുകൾക്ക് അപേക്ഷിച്ചയാൾക്ക് 4 റൂമുകൾ അനുവദിച്ചതെങ്ങനെയെന്ന് വ്യക്തമാക്കുന്ന രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

വാടകക്കാരൻ 14-09-20 ന് പ്രസിഡണ്ട്/സെക്രട്ടറിക്ക് അയച്ച കത്തിൽ 4 റൂമുകളിൽ പ്രവർത്തിക്കുന്ന ടിയാന്റെ സംരഭത്തിന് ആവശ്യമായ സ്ഥലസൗകര്യം വരുത്തുന്നതിനായി റൂമുകൾ തമ്മിൽ തരംതിരിക്കുന്ന ചുമരുകൾ തട്ടി മാറ്റി ഒരൊറ്റ ഹാളാക്കി മാറ്റാൻ അനുവാദം ചോദിച്ചിരുന്നു. 09-10-20ന് സൈറ്റിൽ അന്വേഷണം നടത്തിയ സെക്രട്ടറി 269/J,K,L,M മുറികൾ 'ഓൺലൈൻ ഗ്രോസറി' എന്ന ആവശ്യത്തിന് ഉപയോഗിക്കുന്നതിന് എഗ്രിമെന്റിൽ ഏർപ്പെട്ട അപേക്ഷകൻ ഓൺലൈൻ ബിസിനസിന് പകരം സാധാരണ പലചരക്ക് കട നടത്തുന്നതായും കെട്ടിടത്തിന് രൂപമാറ്റം വരുത്തിയതായും കോമ്പൗണ്ടിൽ ടിയാന്റെ പരസ്യബോർഡ് സ്ഥാപിച്ചതായും കെട്ടിടത്തിന്റെ വയറിംഗിന് കേടുപാടുകൾ വരുത്തിയതായും ബോധ്യപ്പെട്ടതായും ഇത്തരം പ്രവൃത്തികൾ കരാർ ലംഘനമായതിനാൽ കരാർ റദ്ദാക്കാതിരിക്കാൻ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ബോധിപ്പിക്കാനും അല്ലാത്ത പക്ഷം കരാർ റദ്ദാക്കി സ്ഥാപനം അടച്ച് പൂട്ടുമെന്നും മുന്നറിയിപ്പ് നൽകിക്കൊണ്ട് 20-10-20ലെ മുഖദ്ദസ്സിന് കത്തയച്ചിരുന്നു (സി.417/20 നമ്പർ കത്ത്). ഈ കത്തിൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/25-03-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

8/20ന് ശേഷമുള്ള വാടക കുടിശ്ശിക ഒടുക്കുന്നതിന് 16-02-21 ൽ ടിയാന് കത്തയക്കുകയും (ഡി 43/2020(3) നമ്പർ കത്ത്). 29-03-21ൽ ഇതിന് ഓർമ്മക്കുറിപ്പ് അയയ്ക്കുകയും (ഡി 43/2020(1) നമ്പർ കത്ത്) ചെയ്തിരുന്നു. ഇതു സംബന്ധിച്ച തുടർനടപടികളോ കുടിശ്ശിക ഒടുക്കിയതിന്റെ വിവരങ്ങളോ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. എന്നാൽ 31-03-21 ന് അവസാനിക്കുന്ന കരാർ, കത്ത് കിട്ടി 7 ദിവസത്തിനകം പുതുക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 26-07-21 ന് സെക്രട്ടറി മുഖദ്ദസ്സിനയച്ച കത്ത് (ഡി 43/2020(7) നമ്പർ കത്ത്) ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. കരാർ വ്യവസ്ഥകൾ ഇത്രയധികം ലംഘിച്ചിട്ടും ടിയാന് കരാർ പുതുക്കി നല്കുന്നതിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

പെരുവളത്തുപറമ്പ് മിനി വ്യവസായ എസ്റ്റേറ്റിലെ കെട്ടിട മുറികളുടെ വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ ഫയലിൽ നിന്നോ രജിസ്റ്ററിൽ നിന്നോ ഈടാക്കിയ വാടകയുടെയും കുടിശ്ശികയുടെയും വ്യക്തമായ വിവരങ്ങൾ ലഭിച്ചിട്ടില്ല. എസ്റ്റേറ്റിൽ ആകെ എത്ര മുറികൾ ഉണ്ടെന്നോ അവയുടെ ഈടാക്കിയതും ബാക്കിയുള്ളതുമായ വാടക എത്രയെന്നോ വ്യക്തമല്ല. ബൈലാ വ്യവസ്ഥകൾ ലംഘിക്കപ്പെട്ട സാഹചര്യത്തിൽ സ്വീകരിച്ച നടപടികളെപ്പറ്റിയുള്ള വിവരങ്ങളും ഫയലിൽ ലഭ്യമല്ല. മേല്പറഞ്ഞ മുഴുവൻ അപാകങ്ങളും പരിഹരിച്ചതിന്റെയും 31-03-2021 വരെയുള്ള വാടക കുടിശ്ശികയടക്കം ഈടാക്കിയതിന്റെയും വിവരങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-9 മയ്യിൽ സി എച്ച് സി യിൽ ജനറേറ്റർ വാങ്ങൽ-ജി എസ് ടി കോമ്പൻസേഷൻ 12% നൽകിയതിന്റെ അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | മയ്യിൽ സി എച്ച് സി യിൽ ജനറേറ്റർ |
| പ്രൊജക്ട് നമ്പർ | 34/2021 |
| അടങ്കൽ | 80822 (വികസന ഫണ്ട് ജനറൽ)<br>778600 (മെയിന്റനൻസ് നോൺ റോഡ്) |
| ചെലവ് | 857980 |
| ബിൽ വിവരം | 46/2020-21 തീയതി 14.01.2021-777168<br>51/2020-21 തീയതി 22.02.2021-80812 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| എം ബുക്ക് നം | 09/2020-21 |
| കരാറുകാരൻ | സാജു ടി |

മയ്യിൽ സി എച്ച് സി യിൽ ജനറേറ്റർ വാങ്ങുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

ആകെ പ്രവൃത്തി മൂല്യത്തിന്റെ കൂടെ 12 % ജി എസ് ടി അനുവദിച്ചിട്ടുണ്ട്. 62.5 KVA/50KW At 415 Volts ,Mounted On Channel Iron Base Frame Complete With Fuel Tank Of 170 Ltrs Capacity With And 1 Number 12V Batteries With Standard Manual Control System Including 18% GST എന്ന ഇനം വാങ്ങിയതിന്റെ ക്യാഷ് ഇൻവോയ്സ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ഇനത്തിന് (Sl No.1.01) എം ബുക്ക്) പ്രകാരം 520000 രൂപ മൂല്യം രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് കൂടാതെ ജി എസ് ടി ഇനത്തിൽ ആകെ പ്രവൃത്തി മൂല്യത്തിന്റെ (746070) കൂടെ 12% ജി എസ് ടിയും (89528) അനുവദിച്ചിച്ചിട്ടുണ്ട്. പ്രസ്തുത ഇനത്തിന്റെ ക്യാഷ് ഇൻവോയ്സും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ ടി

ഇനത്തിന് ജി എസ് ടി കോമ്പൻസേഷൻ അനുവദിച്ചതിനെ സാധൂകരിക്കുന്ന സർക്കാർ ഉത്തരവ് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത ഇനത്തിന് ചെലവായ 520000 രൂപ തടസപ്പെടുത്തുന്നു.

## 1-10 ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടാത്ത സ്ഥാപനത്തിൽ പ്രോജക്ട് നിർവ്വഹണം - ₹ 22079യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

കേരള പഞ്ചായത്ത് രാജ് നിയമങ്ങളിലെ 172-ാം വകുപ്പ്, നാലാം പട്ടിക എന്നിവയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ അധികാരങ്ങളും ചുമതലകളും സംബന്ധിച്ച് വ്യക്തമായി പരാമർശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പട്ടികയിൽ പരാമർശിക്കാത്ത, ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ പെടാത്തതും, ശ്രീകണ്ഠാപുരം നഗരസഭയുടെ പരിധിയിൽ പെടുന്നതുമായ ചെമ്പന്തൊട്ടി വെറ്റിനറി പോളി ക്ലിനിക്കിൽ ചുവടെ കൊടുത്ത പ്രോജക്ട് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനായ സീനിയർ വെറ്റിനറി സർജൻ തുക ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പേര് | അടങ്കൽ | ചെലവ്, ബിൽ നമ്പർ, തീയതി |
|---|---|---|---|
| 5 | 22/21, വെറ്റിനറി പോളി ക്ലിനിക് ചെമ്പന്തൊട്ടിയുടെ ദൈനംദിന ചെലവുകൾക്കുള്ള തുക വകയിരുത്തൽ | ₹65000<br>സംരക്ഷണ ഫണ്ട്, റോഡിതരം | ₹22079<br>₹ 5992, 1/20-21, 22-06-20<br>₹ 2592, 2/20-21, 3-08-20<br>₹ 3500, 3/20-21, 12-08-20<br>₹ 4125, 4/20-21, 30-09-20<br>₹ 4300, 5/20-21, 30-09-20<br>₹ 1570, 6/20-21, 01-02-21 |

2020-21 വർഷം സീനിയർ വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് വെറ്റിനറി പോളിക്ലിനിക്, ചെമ്പന്തൊട്ടി സ്ഥിതി ചെയ്യുന്ന തദ്ദേശഭരണ സ്ഥാപനം ഏതാണെന്നും പോളി ക്ലിനിക് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന സ്ഥാപനമാണെന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കുന്നതിനും പോളി ക്ലിനിക് മറ്റൊരു തദ്ദേശഭരണ സ്ഥാപനത്തിന്റെ അധികാര പരിധിയിൽ ആണെങ്കിൽ പ്രോജക്ടുകൾ നിർവ്വഹണം നടത്തുന്നതിന് ലഭിച്ച അനുമതി പത്രം, തദ്ദേശഭരണ സ്ഥാപനത്തിന്റെ തീരുമാനം നമ്പർ എന്നിവ ഹാജരാക്കുന്നതിനും മേൽ പ്രോജക്ടിൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 8 ഗ്രാമപഞ്ചായത്തുകൾക്കും പ്രയോജനം ലഭിച്ചിരുന്നോ എന്നും അറിയിക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/24-03-22) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ഹാജരാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന സ്ഥാപനത്തിലാണ് ചെലവ് നടത്തിയതെന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹22079 തടസ്സപ്പെടുത്തുന്നു.

## 1-11 ഓൺലൈൻ റികിവിസിഷന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | 4/21ക്ഷീര സഹകരണ സംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി |
| അടങ്കൽ | ₹ 20,00,000 (വികസന ഫണ്ട്, ജനറൽ) |
| | ₹47,50,000 (മറ്റു ഗ്രാമ പഞ്ചായത്തുകൾ) |
| ആകെ | ₹67,50,000 |
| ചെലവ്,ബിൽ/ചെക്ക് നമ്പർ, തീയതി | ₹ 20,00,000 വികസന ഫണ്ട് |
| | ₹ 9,00,000, 1/19-20, 21-08-2019<br>₹ 11,00,000, 2/19-20, 30-09-2019 |

ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 33 ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് അവർ അളക്കുന്ന ഓരോ ലിറ്റർ പാലിനും പരമാവധി 4 രൂപയിൽ അധികരിക്കാതെ ₹ 40,0000 വരെ ധനസഹായം നല്കുന്നു. പ്രാഥമിക ക്ഷീരസംഘങ്ങൾ സംഭരിക്കുന്ന പാലിനും ഉല്പാദകരുടെ എണ്ണത്തിനും ആനുപാതികമായി ഓരോ ഗ്രാമ പഞ്ചായത്തിനും ഫണ്ട് അനുവദിക്കുക വഴി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 8 ഗ്രാമപഞ്ചായത്തുകളിലെ ക്ഷീര കർഷകർക്കാണ് (അതത് ഗ്രാമപഞ്ചായത്തുകളിലെ ഗ്രാമസഭകൾ അംഗീകരിച്ച് നല്കുന്ന പട്ടികയിൽ ഉൾപ്പെടുന്ന ഗുണഭോക്താ ക്കൾ) പദ്ധതിയുടെ പ്രയോജനം ലഭിക്കുക. മേൽ പ്രൊജക്റ്റിൽ ₹20,00,000 ഓൺലൈൻ അലോട്ട്മെന്റ് വഴിയാണ് 8ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ചത് (ഏരുവേശ്ശി– ₹3,30,000, പടിയൂർ– ₹1,70,000, കുറ്റ്യാട്ടൂർ – ₹1,30,000, മയ്യിൽ– ₹2,00,000, ഇരിക്കൂർ– ₹20,000, മലപ്പട്ടം – ₹60,000, പയ്യാവൂർ– ₹4,90,000, ഉളിക്കൽ– ₹6,00,000). തുകകൾ ഏത് പഞ്ചായത്തിനാണ് അനുവദിക്കുന്ന തെന്ന് സാംഖ്യ ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിന്റെ പേര് ബില്ലിൽ എഴുതിച്ചേർക്കുകയാണ് ചെയ്തിട്ടുള്ളത്. ഓൺലൈൻ അലോട്ട്മെന്റ് വഴി ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ ₹ 20,00,000 യുടെ വിനിയോഗ വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഗ്രാമ പഞ്ചായത്തുകൾക്ക് തുക ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും വിവരങ്ങൾ ലഭ്യമല്ല. ഏരുവേശ്ശി ഗ്രാമപഞ്ചായത്ത് മാത്രമാണ് ഫണ്ട് റിക്വസ്റ്റും അംഗീകരിച്ച പ്രോജക്റ്റിന്റെ പകർപ്പും ബ്ലോക്ക് പഞ്ചായത്തിൽ ഹാജരാക്കിയിട്ടുള്ളത്. മറ്റുള്ള ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കിയ പ്രോജക്റ്റുകളുടെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. തുകയുടെ വിനിയോഗ വിവരവും ഫണ്ട് റിക്വസ്റ്റും അംഗീകരിച്ച പ്രോജക്റ്റിന്റെ പകർപ്പുകളും പരിശോധനയ്ക്ക് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-12 വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

ശിശു വികസന പദ്ധതി ഓഫീസർ 2020-21 വർഷം നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്റ്റിൽ വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് ഓൺലൈൻ അലോട്ട്മെന്റ് വഴി ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൈമാറിയിട്ടുണ്ട്. സാംഖ്യ ബില്ലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഏതൊക്കെ ഗ്രാമ പഞ്ചായത്തുകൾക്കാണ് തുക അനുവദിച്ചതെന്ന് വ്യക്തമല്ല. പ്രോജക്റ്റിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ, പേര് | അടങ്കൽ | ചെലവ് തുക, ബിൽ നമ്പർ, തീയതി |
|---|---|---|---|
| 1 | 28/21,ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് - | ₹490883, വികസന ഫണ്ട്, ജനറൽ<br>₹2050000, മറ്റ് ഗ്രാ. പ.<br>ആകെ -₹ 2540883 | ₹448400, വികസന ഫണ്ട്<br>₹100000, 27-01-21<br>₹100000, 11-02-21<br>₹100000, 11-02-21<br>₹148400, 29-03-21 |

ഓൺലൈൻ അലോട്ട്മെന്റ് വഴി തുക നൽകിയതിനാൽ ഏതൊക്കെ പഞ്ചായത്തുകൾക്കാണ് തുക ലഭിച്ചതെന്ന്

വ്യക്തമല്ല. അലോട്ട്മെന്റിനായി ഗ്രാമപഞ്ചായത്തുകൾ സമർപ്പിച്ച റിക്വിസിഷനും അംഗീകരിച്ച പ്രോജക്ടിന്റെ പകർപ്പും ഫയലിൽ ലഭ്യമല്ല. ഗ്രാമപഞ്ചായത്തുകൾ തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-13 പത്താം തരം, പ്ലസ് വൺ തുല്യത കോഴ്സ്- രശീത് ഹാജരാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ, പേര് | 79/20, പത്താം തരം, പ്ലസ് വൺ തുല്യത കോഴ്സ് ഫീസും ഏഴാം തരക്കാർക്ക് പാഠപുസ്തകവും |
| അടങ്കൽ | ₹70,000 (വികസന ഫണ്ട്, ജനറൽ) |
| | ₹54,000 (മറ്റുള്ളവ) |
| | ₹1,24,000 |
| ചെലവ് | ₹54,000, മറ്റുള്ളവ |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ, പേര് | 110/21, പത്താം തരം, പ്ലസ് വൺ തുല്യത കോഴ്സ് ഫീസും ഏഴാം തരക്കാർക്ക് പാഠപുസ്തകവും (സ്പിൽ ഓവർ) |
| അടങ്കൽ | ₹70,000 (വികസന ഫണ്ട്, ജനറൽ) |
| ചെലവ്, ബിൽ നമ്പർ, തീയതി | ₹70,000, 3/20-21,16-04-20 |

ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിലെ പത്താംതരം, ഹയർ സെക്കന്ററി തുല്യത പരീക്ഷകൾക്ക വേണ്ടി സാക്ഷരതാ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്ത പഠിതാക്കളുടെ കോഴ്സ് ഫീസ് ജില്ലാ സാക്ഷരത മിഷനിൽ ഒടുക്കുന്നതിനാണ് സെക്രട്ടറി 79/20 പ്രോജക്ട് നടപ്പിലാക്കിയത്. കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടത്തി വരുന്ന ഹയർ സെക്കന്ററി തുല്യത കോഴ്സിൽ 20 പഠിതാക്കളെ രജിസ്റ്റർ ചെയ്യിക്കുകയും കോഴ്സ് ഫീസായി മേൽപറഞ്ഞ ആദ്യ പദ്ധതിയിൽ ഉൾപ്പെടുത്തി 20 പഠിതാക്കൾക്ക് ഗുണഭോക്തൃ വിഹിതം ഒരു പഠിതാവിന് ₹1000 പ്രകാരം ₹20,000യും പത്താംതരം തുല്യത കോഴ്സിൽ 40 പഠിതാക്കൾക്ക് ഒരു പഠിതാവിന് ₹850 പ്രകാരം ₹34,000യും ചേർത്ത് ആകെ ഗുണഭോക്തൃ വിഹിതം ₹54,000 ബ്ലോക്ക് നോഡൽ ഓഫീസർ പിരിച്ചെടുത്ത് ജനറൽ പർപ്പസ് ഗ്രാന്റ് വിഹിതം നിക്ഷേപിക്കുന്ന TSB6 അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഈ തുകയും പദ്ധതി പ്രകാരമുള്ള ₹70,000യും പിൻവലിച്ച് സാക്ഷരത മിഷൻ ഡയറക്ടർക്ക് നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിരുന്നത്.

₹70,000യുടെ ബിൽ ട്രഷറിയിൽ സമർപ്പിച്ചുവെങ്കിലും Q ബിൽ ആയതിനാൽ 2019-20 വർഷം ഈയിനത്തിൽ ചെലവില്ല. ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത ₹54,000 സംസ്ഥാന സാക്ഷരതാ മിഷന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ബിൽ നമ്പർ 3/20-21,16-04-20 പ്രകാരം പിൻവലിച്ച ₹70,000 സംസ്ഥാന സാക്ഷരതാ മിഷന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട് (₹30000 ഹയർ സെക്കന്ററി തുല്യത അക്കൗണ്ട് നമ്പർ 02880100113107ലേക്കും ₹40000 പത്താംതരം തുല്യത അക്കൗണ്ട് നമ്പർ 57026996123 ലേക്കും). എന്നാൽ തുക കൈപ്പറ്റിയത് സംബന്ധിച്ച് സംസ്ഥാന സാക്ഷരത മിഷനിൽ നിന്നും അനുവദിക്കുന്ന ഒറിജിനൽ രശീതിയും പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കിയതിന്റെയും പരീക്ഷ പാസ്സായതിന്റെയും വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല. അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സംസ്ഥാന സാക്ഷരത മിഷനിൽ നിന്നും അനുവദിക്കുന്ന ഒറിജിനൽ രശീതിയും പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കിയതിന്റെയും പരീക്ഷ പാസ്സായതിന്റെയും വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-14 സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - ഗ്രാമ പഞ്ചായത്തുകൾക്കും മറ്റ് സ്ഥാപനങ്ങൾക്കും വിഹിതം നൽകൽ - കൈപ്പറ്റ് രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

2020-21 വർഷം വിവിധ പ്രോജക്ടുകളിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഗ്രാമപഞ്ചായത്തുകൾക്കും മറ്റ് സ്ഥാപനങ്ങൾക്കും പദ്ധതിവിഹിതം കൈമാറിയിട്ടുണ്ട്. വിഹിതം ലഭിച്ച സ്ഥാപനങ്ങൾ തുക കൈപ്പറ്റിയതിന്റെ രേഖകളും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ | പ്രോജക്ട് | അടങ്കൽ | ചെലവ്, | തുക | റിമാർക്ക്സ് |
|---|---|---|---|---|---|

| നമ്പർ | നമ്പർ, പേര് | | ബിൽ നമ്പർ, തീയതി | ലഭിച്ച സ്ഥാപനം | |
|---|---|---|---|---|---|
| 1 | 26/21, ജലം സുലഭം-ജല സംരക്ഷണ പ്രവർത്തന ങ്ങൾക്ക് ബ്ലോക്ക് വിഹിതം കൈമാറൽ | ₹150000 വികസന ഫണ്ട്, ജനറൽ ₹150000 മറ്റ് ഗ്രാ.പ. | ₹150000, 2-7-20 സാംഖ്യ മുഖേന | മയ്യിൽ ഗ്രാമപഞ്ചായത്ത് | കൈപ്പറ്റ് രശീതി, വിനി യോഗ സാക്ഷ്യ പത്രം ഇല്ല |
| 2 | 27/21, ഇരിക്കൂർ ഗ്രാമ പഞ്ചായത്തിന് ക്രിമറ്റോറിയം നിർമ്മാണത്തിന് - ബ്ലോക്ക് പഞ്ചായത്ത് ഷെയർ നൽകൽ | ₹1000000 ധന.കമ്മീ. അവാർഡ്, ₹100000 മറ്റ് ഗ്രാ.പ. | ₹251877, 26-03-21 സാംഖ്യ മുഖേന | ഇരിക്കൂർ ഗ്രാമ പഞ്ചായത്ത് | കൈപ്പറ്റ് രശീതി, വിനി യോഗ സാക്ഷ്യ പത്രം ഇല്ല |
| 3 | 25/21, റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കൽ, പടിയൂർ | ₹500000 ധന.കമ്മീ. അവാർഡ്, ₹200000 മറ്റ് ഗ്രാ.പ. | ₹500000, 26-03-21 സാംഖ്യ മുഖേന | പടിയൂർ ഗ്രാമപഞ്ചായത്ത് | കൈപ്പറ്റ് രശീതി, വിനി യോഗ സാക്ഷ്യ പത്രം ഇല്ല |
| 4 | 94/21, അഗതിരഹിത കേരളം -ഇരിക്കൂർ ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ | ₹200000 വികസന ഫണ്ട്, ജനറൽ | ₹200000,11-09-20 സാംഖ്യ മുഖേന | ഇരിക്കൂർ ഗ്രാമപഞ്ചായത്ത് | കൈപ്പറ്റ് രശീതി, വിനി യോഗ സാക്ഷ്യ പത്രം ഇല്ല |
| 5 | 6/21, ഐ കെ എം ന് അടയ്ക്കേണ്ട വിഹിതം | ₹59974 വികസന ഫണ്ട്, ജനറൽ | ₹59974 33/20-21, 09-10-20 | ഇൻഫർമേഷൻ കേരള മിഷൻ | കൈപ്പറ്റ് രശീതി, വിനി യോഗ സാക്ഷ്യ പത്രം ഇല്ല |
| 6 | 147/21, കില സി.എച്ച്.ആർ.ഡി. കൊട്ടാരക്കരയിൽ വനിതാ ഹോസ്റ്റൽ നിർമ്മിക്കുന്നതി നുള്ള ബ്ലോക്ക് വിഹിതം നൽകൽ | ₹300000 വികസന ഫണ്ട്, ജനറൽ | ₹300000 25/20-21, 25-08-20 | കില ഡയറക്ടർ | വിനി യോഗ സാക്ഷ്യ പത്രം ഇല്ല |
| 7 | 131/21, വീട്ടുവളപ്പിൽ മത്സ്യകൃഷി (പടുതാക്കുളം) ഗ്രാമപഞ്ചായത്തു കൾക്ക് വിഹിതം നൽകൽ | ₹500000 വികസന ഫണ്ട്, ജനറൽ ₹139200 ഗ്രാമപഞ്ചായത്ത് | ₹163890,26-03-21 സാംഖ്യ മുഖേന | ഏരുവേശ്ശി ഗ്രാമപഞ്ചായത്ത് ₹42922<br>₹69314<br>കുറ്റ്യാട്ടൂർ ഗ്രാമ പഞ്ചായത്ത് ₹51654 | കൈപ്പറ്റ് രശീതി, വിനി യോഗ സാക്ഷ്യ പത്രം ഇല്ല |

| | | | | | |
|---|---|---|---|---|---|
| 8 | 151/21, മലപ്പട്ടം - ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതിക്ക് ബ്ലോക്ക് വിഹിതം നൽകൽ | ₹500000 ധനകാര്യ കമ്മീഷൻ അവാർഡ് ₹500000 മറ്റ് ഗ്രാ.പ. | ₹500000, 27-03-21 സാംഖ്യ മുഖേന | മലപ്പട്ടം ഗ്രാമപഞ്ചായത്ത് | കൈപ്പറ്റ് രശീതി, വിനി യോഗ സാക്ഷ്യ പത്രം ഇല്ല |

വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/25-03-22) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-15 2020-21 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല.

2020-21 വർഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകളുമായി ബന്ധപ്പെട്ട ചെലവു രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പേര് | അടങ്കൽ | ചെലവ്, ബിൽ നമ്പർ, തീയതി |
|---|---|---|---|
| 1 | 36/21, മൂത്തേടം ക്ഷേത്രം കരിങ്കൽക്കുന്ന് റോഡ് | ₹500000 വികസന ഫണ്ട്, ജനറൽ | ₹ 473705, ബിൽ നമ്പർ ലഭ്യമല്ല |
| 2 | 109/21, പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് (SO) | ₹122963 വികസന ഫണ്ട്, ജനറൽ | ₹54831 15/20-21, 17-04-20 |
| 3 | 115/21,PMAY ഭവന നിർമ്മാണം (SO) | ₹159000 വികസന ഫണ്ട് (ജനറൽ) ₹ 720000 കേന്ദ്രാവിഷ്കൃതം ₹ 420000 ഗ്രാമ പഞ്ചായത്ത് ₹ 588000 ജില്ലാ പഞ്ചായത്ത് | ₹159000 4/20-21, 17-04-20 |
| 4 | 118/21, ബ്ലോക്ക് കോൺഫറൻസ് ഹാൾ എ സി വത്കരണം (SO) | ₹272000 വികസന ഫണ്ട്, ജനറൽ | ₹258878 14/20-21, 17-04-20 |
| 5 | 119/21, വിവിധ കെട്ടിടങ്ങളുടെ വയറിംഗ് | ₹165300 വികസന ഫണ്ട് (ജനറൽ) | ₹138032 |
| 6 | 124/21, പടിയൂർ ബദൽ സ്കൂൾ അനുബന്ധ സൗകര്യമൊരുക്കൽ (SO) | ₹ 622453 ടി.എസ്.പി. | ₹ 419789 |
| 7 | 152/21, ബ്ലോക്ക് കോമ്പൗണ്ടിൽ മിനി മാസ്റ്റ് സ്ഥാപിക്കൽ | 300000 ധനകാര്യ കമ്മീഷൻ അവാർഡ് | ₹299213 59/20-21, 24-03-21 |

| | | | |
|---|---|---|---|
| 8 | 153/21, PMAY ലൈഫ് ഭവന നിർമ്മാണം,2020-21 | 800000 വികസന ഫണ്ട് (ജനറൽ) | ₹224000 48/20-21, 25-01-21 |
| | | ആകെ | ₹2027448 |

രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേല്പറഞ്ഞ 8 പ്രോജക്ടുകളുമായി ബന്ധപ്പെട്ട മുഴുവൻ ചെലവുരേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹2027448 തടസ്സപ്പെടുത്തുന്നു.

## 1-16 സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കൽ-പ്രൊജക്ടുകൾ പൂർത്തീകരിച്ചതിന് ശേഷം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

കേരള പഞ്ചായത്ത്‌രാജ് നിയമങ്ങളിലെ 172-ാം വകുപ്പ്, നാലാം പട്ടിക എന്നിവയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ അധികാരങ്ങളും ചുമതലകളും സംബന്ധിച്ച് വ്യക്തമായി പരാമർശിച്ചിരിക്കുന്നു. ഈ പട്ടികയിലെ ക്രമ നമ്പർ VIII പ്രകാരം വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഐ ടി ഐ ഒഴികെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നടത്തിപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയല്ല. എന്നാൽ പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)നം.11/2018/ തസ്വഭവ തീയതി. 29.01.2019-ഖണ്ഡിക 7.6(8)ൽ സർക്കാർ ഹൈസ്കൂളിനോട്/ഹയർ സെക്കന്ററി സ്കൂളിനോട് ചേർന്നുള്ള എൽ പി, യു പി സ്കൂളുകളിലെ പശ്ചാത്തല വികസന പ്രോജക്ടുകൾ ജില്ലാ പഞ്ചായത്തിന്റെ അനുമതിയോടെ ബന്ധപ്പെട്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. അതുപോലെ 7.6(9)ൽ ഗ്രാമപഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള എൽ പി, യു പി സ്കൂളുകളിലെ പശ്ചാത്തല വികസന പ്രോജക്ടുകൾ ഗ്രാമ പഞ്ചായത്തിന്റെ അനുമതിയോടെ ബന്ധപ്പെട്ട ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. ഇപ്രകാരം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും അനുമതി വാങ്ങിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2020-21 ൽ നടത്തിയ പദ്ധതികളുടെ വിവരം താഴെചേർക്കുന്നു.

| ക്രമനം | പ്രോജക്ട് | ബിൽ നമ്പർ . | തുക |
|---|---|---|---|
| 1 | 105/2021പടിയൂർ ബദൽ സ്കൂൾ പൂർത്തീകരണം<br>അടങ്കൽ ₹500000/-<br>(ടി എസ് പി) | 1)23/20.04.20-109965<br>2)24/20.04.20 -91313<br>3)26/20.04.20-298722 | 500000 |
| 2 | 171/21ഇരിക്കൂർ ഗവ.ഹൈസ്കൂൾ ടോയ് ലറ്റ് നിർമ്മാണം<br>അടങ്കൽ -1228000/-<br>(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 90/2020-21 തീയതി 27.03.2021 | 1227401 |
| 3 | 181/2021-മലപ്പട്ടം ഗവ.ഹൈസ്കൂളിൽ ശുചിമുറി നിർമ്മാണം<br>അടങ്കൽ-948000<br>(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 106/31.03.21 | 842057 |

പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തീകരിച്ചതിന് ശേഷം ആസ്തി അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയതിന്റേയും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തിയിൽ ഇവ ഉൾപ്പെടുത്തിയതിന്റേയും വിവരം ലഭ്യമാക്കിയിട്ടില്ല.

## 1-17 ₹ 25439-യുടെ മരുന്നുകൾ ലഭിച്ചില്ല

2020-21 വർഷം ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിലെ മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മയ്യിൽ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "സി.എച്ച്.സി-യിലേക്ക് മരുന്നു വാങ്ങൽ" എന്ന പ്രോജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് 500000 രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0001/21 |
| അടങ്കൽ | 900000 മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് |
| ചെലവഴിച്ച തുക | 5,00000 |

| | |
|---|---|
| ബിൽ നമ്പർ, തീയ്യതി | 13/20-21/23-08-2020 തുക-500000 |

എന്നാൽ 474561 രൂപയുടെ മരുന്നുകൾ മാത്രമേ ഇതേ വരെ ലഭ്യമായിട്ടുള്ളൂ. ബാക്കിയുള്ള തുകയുടെ (25439/- രൂപ) മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 വാഹന ഉപയോഗം- അപാകങ്ങൾ

ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ രണ്ട് വാഹനങ്ങളാണുള്ളത്. പ്രസിഡണ്ടിന്റെ ഉപയോഗത്തിനുള്ള KL59 4010 നമ്പർ ബൊലേറോ, സെക്രട്ടറിയുടെ ഉപയോഗത്തിനുള്ള KL 59R 3997 മഹീന്ദ്ര ബൊലേറോ എന്നിവയാണവ. പ്രസ്തുത വാഹനങ്ങളുടെ ഉപയോഗവുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങൾ കാണുന്നു.

1) KL59 4010 നമ്പർ ബൊലേറോയുടെ ലോഗ് ബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച വാഹനത്തിന്റെ ലോഗ് ബുക്ക് ലഭ്യമാക്കുന്നതിനു വേണ്ടി ഓഡിറ്റ് എൻക്വയറി നൽകിയിട്ടും ലോഗ് ബുക്ക് ഹാജരാക്കുകയോ തൃപ്തികരമായ വിശദീകരണം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

പ്രസ്തുത വാഹനത്തിന്റെ ഇന്ധന ചെലവ് ഇനത്തിൽ 2020-21വർഷം താഴെ ചേർക്കും പ്രകാരം തുക ചെലവ് വന്നിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർമ്പർ, തീയ്യതി | തുക |
|---|---|---|
| 1 | 22000101/19-06-20 | 44964 |
| 2 | 22000187/20-08-2020 | 23794 |
| 3 | 22000418/30-10-2020 | 26474 |
| 4 | 22000552/18-01-2021 | 42861 |
| 5 | 22000624/23-02-2021 | 19124 |
| 6 | 22000788/17-03-2021 | 24706 |
| ആകെ | | 181923 |

ലോഗ്ബുക്കിന്റെ അഭാവത്തിൽ ചെലവ് തുകയായ 181923 രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

2) രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

30-06-2007ലെ സ.ഉ (എം.എസ്.) 170/07 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി നിർബന്ധമായും സൂക്ഷിക്കേണ്ടതായ താഴെ ചേർക്കും പ്രകാരമുള്ള രജിസ്റ്ററുകൾ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

(I)പെട്രോൾ, ഡീസൽ, ഗ്യാസ്, ഓയിൽ മുതലായവയുടെ ഓർഡർ ബുക്ക്

(Ii) റിപ്പയർ രജിസ്റ്റർ

(Iii) സ്റ്റോക്ക് രജിസ്റ്റർ

3) റിപ്പോർട്ട് സമർപ്പിക്കുന്നില്ല

മേൽ പരാമർശിച്ച ഉത്തരവിന്റെ ഖണ്ഡിക 4 അനുസരിച്ച് കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി ഓരോ അർദ്ധവർഷത്തിന്റെയും ആരംഭത്തിൽ വാഹനവുമായി ബന്ധപ്പെട്ട് ചെലവായ തുകയെ സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് ഒരു റിപ്പോർട്ട് സമർപ്പിച്ചിരിക്കേണ്ടതാണ്. പ്രസ്തുത റിപ്പോർട്ടിൽ കഴിഞ്ഞ അർദ്ധവർഷത്തിൽ വാഹനം ഓടിയ ദൂരം കിലോ മീറ്ററിൽ കാണിച്ചിരിക്കേണ്ടതുമാണ്. എന്നാൽ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിൽ ഈ നിർദ്ദേശവും പാലിച്ചതായി കാണുന്നില്ല.

4) ലോഗ് ബുക്ക് പരിശോധിക്കുന്നില്ല

പ്രസ്തുത ഉത്തരവിന്റെ ഖണ്ഡിക 9 പ്രകാരം കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ ലോഗ് ബുക്ക് പരിശോധിക്കണമെന്നും വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്ന് ബോധ്യപ്പെടേണ്ടതും പരിശോധിച്ച വിവരം ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയ ലോഗ് ബുക്കുകളിൽ ഇത്തരത്തിൽ പരിശോധന നടത്തിയതായും കാണുന്നില്ല.

5) ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടില്ല

ഖണ്ഡിക 11ൽ ആറ് മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. KL- 59R

3997 നമ്പർ വാഹനത്തിന്റെ ലോഗ്ബുക്കിൽ പതിച്ചിരിക്കുന്ന സാക്ഷ്യ പത്രത്തിന്റെ കാലാവധി 30-12-2019 വരെയാണ്. ഇതിനു ശേഷം ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. KL59 4010 നമ്പർ വാഹനത്തിന്റെയും മൈലേജ് ടെസ്റ്റ് സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.

6) ഇന്ധന ഉപയോഗത്തിന്റെ കൃത്യത ഉറപ്പു വരുത്തുന്നില്ല

മേൽ പരാമർശിച്ച ഉത്തരവിന്റെ ഖണ്ഡിക 16ൽ നിർദ്ദേശിച്ച പ്രകാരം കസ്റ്റോഡിയൻ ഓഫീസറുടെയോ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയോ സാന്നിധ്യത്തിൽ ഫുൾ ടാങ്കിൽ ഇന്ധനം നിറച്ചതിന് ശേഷം ഇന്ധന ഉപയോഗത്തിന്റെ കൃത്യത ഉറപ്പു വരുത്തുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ലഭ്യമാക്കിയ ലോഗ് ബുക്കുകളിൽ ഈ വ്യവസ്ഥയും പാലിക്കപ്പെട്ടതായി കാണുന്നില്ല.

മേൽ പരാമർശിച്ച അപാകങ്ങൾ പരിഹരിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 07.03.2022, 08.03.2022 | കെ.എസ്.എ./കെ.എൻ.ആർ./ സി.4/491/2022 തീയതി: 14.06.2022. |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

പ്രോജക്ട് നമ്പർ/പേര് – 153, പി.എം.എ.വൈ. ലൈഫ് ഭവന നിർമ്മാണം 2020-21

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | ഇരിക്കൂർ ഗ്രാ.പ | 20000 | പി.എം.എ.വൈ ഭവനനിർമ്മാണം | 20000 | - |
| 2. | കുറ്റ്യാട്ടൂർ ഗ്രാ.പ | 140000 | പി.എം.എ.വൈ ഭവനനിർമ്മാണം | 140000 | - |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ,വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്, ഉദ്ദേശ്യം | ഉത്തരവ് നമ്പർ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | ഓഡിറ്റ് വർഷം കൈപ്പറ്റിയ വായ്പ | ഓഡിറ്റ് വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഐ എ വൈ ഭവന നിർമ്മാണം | GO(Ms) 90/2013LSGD, Dtd. 14-03-13 | 4299985 | 524896 | .. | 524896 | 0 |

രജിസ്റ്റർ പ്രകാരം മലപ്പട്ടം സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിൽ വായ്പയുടെ മുതൽ ഇനത്തിൽ 1206 രൂപ ഒടുക്കാൻ ബാക്കിയുള്ളതായി കാണുന്നു. എന്നാൽ 2020-21 വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റിൽ തുക ഒടുക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടില്ല. വായ്പ രജിസ്റ്റർ അപൂർണ്ണമാണ്.

## 4-6 സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ചുള്ള വിവരം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

പഞ്ചായത്ത് ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് റിക്കവറി ഇനത്തിൽ 19510 രൂപ 2020-21 വർഷത്തിൽ ലഭിച്ചതായി പഞ്ചായത്ത് അറിയിച്ചുവെങ്കിലും ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-2000 | 43 | 2002-03 | 1 | അനർഹമായി ആനുകൂല്യം നൽകി |
| 1999-2000 | 47 | 2002-03 | 2 | അധിക തുക നഷ്ടം |
| 1999-2000 | 49 | 2002-03 | 3 | ടാർ വില ഈടാക്കിയില്ല |
| 1999-2000 | 52 | 2002-03 | 4 | നബാർഡ് പ്ലാൻഫണ്ട് |
| 1999-2000 | 59(എ) | 2002-03 | 5 | തൊഴിലുറപ്പ് പദ്ധതി |

## 4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകൾ സംബന്ധിച്ചുള്ള വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 106745150 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 109505770 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2231450 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 5992 | മുജീബ് റഹ്മാൻ,<br>സീനിയർ വെറ്റിനറി സർജൻ |
| ടി | 6092 | അനിൽകുമാർ,<br>സീനിയർ വെറ്റിനറി സർജൻ |
| ടി | 9995 | മനു ശേഖർ,<br>സീനിയർ വെറ്ററനറി സർജൻ |
| 1-15 | 2027448 | അബു.ആർ,<br>ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 1-18 | 181923 | അബു. ആർ,<br>ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| ആകെ | 2231450 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അബു ആർ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി,<br>ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് | അജീന ഭവൻ<br>ആതിക്കാട്ട് കുളങ്ങര പി.ഒ.<br>ആലപ്പുഴ |
| മുജീബ് റഹ്മാൻ | സീനിയർ വെറ്റിനറി സർജൻ, കോട്ടക്കാട്, മലപ്പുറം | മൺകട<br>പള്ളിപ്രം, മലപ്പുറം |
| അനിൽകുമാർ | സീനിയർ വെറ്റിനറി സർജൻ, വെള്ളിക്കുളങ്ങര | കോട്ടയിൽ ഹൗസ്,<br>പളപ്പണം,വടകര |

| | | |
|---|---|---|
| മനശേഖർ | സീനിയർ വെറ്ററിനറി സർജൻ, കുടിയാന്മല | കണ്ണോത്ത് ഹൗസ്, രാമന്തളി പി.ഒ., പയ്യന്നൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1998-99 | കെ.എസ്.എ/കെ.എൻ.ആർ/സി4/ 823/19 തീയ്യതി 14.08.2019 | 3 |
| 1999-2000 | കെ.എസ്.എ/കെ.എൻ.ആർ/സി4/ 823/19 തീയ്യതി 14.08.2019 | 6 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/സി4/ 823/19 തീയ്യതി 14.08.2019 | 2 |
| 2009-10,2010-11 | കെ.എസ്.എ/കെ.എൻ.ആർ/സി4/ 823/19 തീയ്യതി 14.08.2019 | 5 |
| 2011-12, 2012-13 | കെ.എസ്.എ/കെ.എൻ.ആർ/സി4/ 823/19 തീയ്യതി 14.08.2019 | 3 |
| 2013-14,2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി4/ 823/19 തീയ്യതി 14.08.2019 | 1 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി4/ 823/19 തീയ്യതി 14.08.2019 | 5 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/ സി4/ 1899/18 തീയ്യതി 06-02-2018 | 23 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/ സി4/ 146/20(1) തീയ്യതി 28-10-2020 | 22 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/ സി4/ 490/22 തീയ്യതി 27-05-2022 | 22 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3-1

## RECEIPT & PAYMENT STATEMENT

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | Irikkur Block Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2020 to 31-March-2021 | | |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 19619973.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 130000000 | Rental income from Panchayat Properties | RP-3 | 500.00 |
| 140000000 | Fees & User Charges | RP-4 | 106285.00 |
| 150000000 | Sale & Hire Charges | RP-5 | 236853.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 73947636.00 |
| 171000000 | Interest Earned | RP-9 | 5426.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 31504064.00 |
| 350000000 | Other Liabilities | RP-36 | 265937.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 2540.00 |
| 340000000 | Deposits Received | RP-34 | 266234.00 |
| 350000000 | Other Liabilities | RP-36 | 65063.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 218645.00 |
| 460000000 | Loans, Advances and Deposits | RP-47 | 125967.00 |
| | Grand total | | 126365123.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3428306.00 |
| 220000000 | Administrative Expenses | RP-12 | 974657.00 |
| 230000000 | Operations & Maintenance | RP-13 | 734044.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 11468214.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 15924975.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 6340828.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 100424.00 |
| 255000000 | Maintenance Projects | RP-20 | 4755890.00 |
| 280000000 | Prior Period item | RP-26 | 327185.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6922.00 |
| 350000000 | Other Liabilities | RP-36 | 15359255.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 189.00 |
| 330000000 | Secured Loans | RP-32 | 1230816.00 |
| 340000000 | Deposits Received | RP-34 | 270898.00 |
| 350000000 | Other Liabilities | RP-36 | 521505.00 |

| | | | |
|---|---|---|---|
| 410000000 | Fixed Assets | RP-38 | 10195922.00 |
| 412000000 | Capital work in Progress | RP-40 | 22276042.00 |
| 420000000 | Investments | RP-41 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 14603094.00 |
| 460000000 | Loans, Advances and Deposits | RP-47 | 986604.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 16859353.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 126365123.00 |

## അനുബന്ധം 3-2

## INCOME & EXPENDITURE STATEMENT

Irikkur Block Panchayat
INCOME & EXPENDITURE STATEMENT

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 393105.00 |
| 140000000 | Fee & User Charges | I-4(b) | 106285.00 |
| 150000000 | Sale & Hire Charges | I-5(b) | 236853.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 78521047.00 |
| 171000000 | Interest Earned | I-8 | 5426.00 |
| 180000000 | Other Income | I-9 | 2540.00 |
| | Total Income | | 79265256.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 3858306.00 |
| 220000000 | Administrative Expenses | I-11(b) | 971226.00 |
| 230000000 | Operations & Maintenance | I-12(b) | 1829016.00 |
| 240000000 | Interest & Finance Charges | I-13 | 4249.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 25720633.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 17086211.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 17765567.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 100424.00 |
| 255000000 | Maintenance Projects | I-14(e) | 4755890.00 |
| 270000000 | Provisions and Write off | I-16 | 31091.00 |
| 272000000 | Depreciation | I-17(a) | 5983324.00 |
| | Total Expenditure | | 78105937.00 |
| | Gross Surplus/ Deficit of income over Expenditure | | 1159319.00 |
| 280000000 | Prior Period Item | I-18 | 327185.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 832134.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം 3-3
## BALANCE SHEET

| Irikkur Block Panchayat<br>BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 11459174.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 91697077.00 |
| | Total Reserve & Surplus | | 103156251.00 |

| | | | |
|---|---|---|---|
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 29697954.00 |
| | Total Grants, Contributions for Specific Purposes | | 29697954.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 960072.00 |
| 350000000 | Other Liabilities | B-9 | 276.00 |
| | Total Current Liabilities and Provisions | | 960348.00 |
| | TOTAL LIABILITIES | | 133814553.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 129609585.00 |
| 411000000 | Accumulated Depreciation | B-11 | -33068178.00 |
| 412000000 | Capital Work in Progress | B-11(a) | 4369478.00 |
| | Total Fixed Assets | | 100910885.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 14860644.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 16859353.00 |
| 460000000 | Loans, Advances and Deposits | B-18 | 1183671.00 |
| | Total Current Assets, Loans and Advances | | 32903668.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |

| | | |
|---|---|---|
| | TOTAL ASSETS | 133814553.00 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.